(സി) ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭാഷാമാറ്റ പ്രക്രീയ ത്വരിതപ്പെടുത്തുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി താലൂക്ക്/ജില്ല/ സംസ്ഥാന/ഉന്നതതല ഔദ്യോഗിക ഭാഷാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികൾ യോഗം ചേർന്ന് പുരോഗതി അവലോകനം ചെയ്തു വരുന്നു.

(ഡി&ഇ) സംസ്ഥാനത്ത് ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിലുള്ള ഔദ്യോഗിക ഭാഷ വിഭാഗത്തിലാണ് നടക്കുന്നത്. ഇപ്പോഴുള്ള സംവിധാനം തന്നെ തുടർന്നാൽ മതിയാകുമെന്നാണ് സർക്കാരിന്റെ അഭിപ്രായം.

(എഫ്) ബാധകമല്ല.

(ജി) ഭരണഭാഷ മലയാളമാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) 1965 നവംബർ 1-ാം തീയതി മുതൽ ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള വകുപ്പുകൾ

57 (57) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വകുപ്പുകൾ എത്രയാണ് ; ഇവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വകുപ്പുകളുടെ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മേലിൽ മലയാളത്തിൽ മാത്രമായിരിക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവനുസരിച്ച് ഏതൊക്കെ വകുപ്പുകളിൽ എത്ര വീതം ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ കാരണം എന്താണെന്ന് പറയുമോ ?

ഉത്തരം

(എ) 67 വകുപ്പുകൾ, പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

† അനുബന്ധം XIX

LIBRARY ARCHIVES Kerala Legislative Assembly

(ബി, ഉണ്ട്.

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

മാനവീയത്തിന് തുടക്കം കുറിച്ച ദിവസം നടന്ന അക്രമങ്ങൾ

58 (58) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയത്തിന് തുടക്കം കുറിച്ച ദിവസം എവിടെയെങ്കിലും ലാത്തി ചാർജ്ജുണ്ടായോ ; എങ്കിൽ എവിടെയെല്ലാം ;

(ബി) ഈ ദിവസം എസ്.എഫ്.ഐ. വിദ്യാർത്ഥികൾ അദ്ധ്യാപകരെ മർദ്ദിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(സി) ഈ ദിവസം എവിടെയെല്ലാം മദ്യവിരുദ്ധ പ്രവർത്തകരെ മദ്യലോബിയുടെ ആളുകൾ കൊലപ്പെടുത്തി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാനവീയത്തിന് തുടക്കം കുറിച്ച ദിവസം കേരളത്തിൽ ഒരിടത്തും ലാത്തിചാർജ്ജ് ഉണ്ടായിട്ടില്ല.

(ബി) ഇല്ല.

(സി) അത്തരം സംഭവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൊടുപുഴ ഗജമേള ദുരന്തം

59 (59) ശ്രീ. എ. കെ മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ ഗജമേള ദുരന്തത്തിനു ഉത്തരവാദികളായ സംഘാടകരുടെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) കണ്ണൂർ ജോസ് എന്നയാൾ മരിക്കാനും മകന്റെ മരണവാർത്ത അറിഞ്ഞ് ജോസിന്റെ പിതാവ് മരിക്കാനും ഇടയായ സംഭവത്തെക്കുറിച്ച് ഇതുവരെ ഏതെല്ലാം അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത് ; അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമാക്കാമോ ;

(ഡി) തൊടുപുഴ ഡി.വൈ.എഫ്.പി.യേയും സർക്കിൾ ഇൻസ്പെക്ടറേയും ഈ സംഭവത്തിന്റെ പേരിൽ സ്ഥലം മാറ്റിയിട്ടുണ്ടോ ; ഇവർക്കെതിരെ എന്തെങ്കിലും ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഘോഷയാത്രകൾ നടത്തുമ്പോൾ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന രീതിയിൽ റോഡ് ഗതാഗതം തടസ്സപ്പെടുത്തരുതെന്ന് ഹൈക്കോടതി ഉത്തരവ് തൊടപുഴ സംഭവത്തിൽ ലംഘിച്ചതിന് ഏതെങ്കിലും കേസ് എടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIX

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 57(57) ദയവായി കാണുക]

മലയാളം ഭരണഭാഷയാക്കിയിട്ടുള്ള സംസ്ഥാനത്തെ വകുപ്പുകൾ

1-9-1985 മുതൽ (1-8-85 ലെ 7223/ഔഭാ 3/85/ഉഭവ. നമ്പർ വിജ്ഞാപനം

1 പഞ്ചായത്ത്
2 മുനിസിപ്പൽ ഭരണം
3 വനം
4 സഹകരണം
5 ഹരിജനക്ഷേമം
6 ഗിരിജനക്ഷേമം
7 മത്സ്യബന്ധനം
8 ആർക്കിയോളജി

1-11-1987 മുതൽ (12-10-1987 ലെ 7256/ഔഭാ 3/85/ഉഭവ. നമ്പർ വിജ്ഞാപനം

9 ജയിൽ
10 ഹിന്ദുമത ധർമ്മ സ്ഥാപനം
11 പബ്ലിക് റിലേഷൻസ്
12 അളവുകളും തൂക്കങ്ങളും
13 പുരാരേഖ
14 ക്ഷീരവികസനം
15 മൃഗസംരക്ഷണം
16 ഭവന നിർമ്മാണം
17 സാമൂഹ്യക്ഷേമം
18 രജിസ്ട്രേഷൻ

1-11-1989 മുതൽ (6-10-1989 ലെ 5905/ഔഭാ 3/88/ഉഭവ. നമ്പർ വിജ്ഞാപനം

19 റവന്യു
20 കൃഷി
21 ഗ്രാമവികസനം
22 ഭക്ഷ്യവും സിവിൽസപ്ലൈസും
23 തൊഴിൽ
24 പൊതുവിദ്യാഭ്യാസം
25 നാട്ടുചികിത്സ

LIBRARY ARCHIVES Kerala Legislative Assembly

26 ജലഗതാഗതം
27 സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്സ്
28 നികുതി
29 എപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
30 സാംസ്കാരിക പ്രസിദ്ധീകരണം
31 കാഴ്ച ബംഗ്ലാവും മൃഗശാലകളും

1-1-1992 മുതൽ (20-12-1991 ലെ 7972/ഔഭാ 3/91/ഉഭവ. നമ്പർ വിജ്ഞാപനം

32 പ്രിന്റിംഗ്
33 സ്റ്റേഷനറി
34 ടൗൺപ്ലാനിംഗ്
35 ഹോമിയോപ്പതി
36 ഭൂഗർഭജലം
37 ഭാഗ്യക്കുറി
38 ലോക്കൽ ഫണ്ട്
39 ഹയർ സർവ്വീസ്
40 പബ്ലിക് ലൈബ്രറി
41 എക്സൈസ്
42 ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
43 ദേശീയ സമ്പാദ്യം

1-12-1993 മുതൽ (1-12-1993 ലെ 3721/ഔഭാ 3/93/ഉഭവ. നമ്പർ വിജ്ഞാപനം

44 എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും
45 സ്പോർട്സും യുവജനകാര്യവും
46 കോളേജ് വിദ്യാഭ്യാസം
47 സാങ്കേതിക വിദ്യാഭ്യാസം
48 തൊഴിലിധിഷ്ഠിത വിദ്യാഭ്യാസം
49 ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
50 ഫാക്ടറികളും ബോയിലറികളും
51 ഗവ. അനലറ്റിക്കൽ ലാബോറട്ടറി
52 തുറമുഖ എഞ്ചിനീയറിംഗ്
53 ആരോഗ്യം
54 വ്യവസായവും വാണിജ്യവും
55 ഇൻഷ്വറൻസ്

LIBRARY ARCHIVES Kerala Legislative Assembly

56 കേരള ഗസറ്റിയേഴ്സ്

57 മെഡിക്കൽ വിദ്യാഭ്യാസം

58 മൈനിംഗും ജിയോളജിയും

59 മോട്ടോർ വാഹനം

60 പോലീസ്

61 തുറമുഖം

62 പബ്ലിക് ഹെൽത്ത് ലാബോറട്ടറി

63 പൊതുമരാമത്ത്

64 ഇറിഗേഷനും പ്രോജക്ടുകളും

65 സൈനികക്ഷേമം

66 ട്രഷറി

67 വിജിലൻസ്

അനുബന്ധം XX

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 62(62) ദയവായി കാണുക]

1. കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ, ക്രൈം നം. 394/99, പ്രതികൾ, 14 സി.പി.എം. പ്രവർത്തകർ. 1. കൂലി ശശി, 2. കറിപ്പായി രാജൻ, 3. ഷാജി, 4. പുലപ്പാടി സജീവൻ, 5. ഉമ്മത്തൻ നന്ദൻ, 6. കരിപ്പായി ബാബു, 7. കോലമ്പത്ത് ഷാജി. 8. അല്ലി മനോഹരൻ, 9. ചാലി ബാബു, 10. പറക്കണ്ടി സുധീർ, 11. ചേളേരി രവീന്ദ്രൻ, 12. കൊല്ലന്നോൻ രവീന്ദ്രൻ, 13. കൊരമ്പത്ത് അനീഷ്, 14. മേപ്പാടൻ പ്രസാദ് എല്ലാ പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

2. പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 259/99.

   പ്രതികൾ 8 ബി. ജെ. പി. പ്രവർത്തകർ

   1. മുട്ടമ്മൽ ഷാജി, 2. ഇരയന്റ വിട ഗിരീഷ് ബാബു, 3. കൊട്ടിയന്റവിട ശശി, 4. ചുങ്കകരന്റവിട പ്രഭാകരൻ, 5. മഠത്തിൽ രമേശൻ, 6. കണ്ണക്കോടന്റവീട് പ്രേമൻ, 7. പാറയുള്ള പറമ്പത്ത് വിനോദ്, 8. കൊട്ടിയന്റവിട ജഗദീഷ് എന്നിവർ. മൂന്നും നാലും അഞ്ചും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

3. ചൊക്ലി പോലീസ് സ്റ്റേഷൻ ക്രൈം നം. 125/99. പ്രതികൾ 11 ബി. ജെ. പി. പ്രവർത്തകർ 1. കെ. തിലകൻ, 2. വണ്ണാന്റെവിടെ മനോജ്, 3. പുതുശ്ശേരി മണിക്കോത്ത് പ്രമോദ്, 4. നെല്ലശ്ശേരി പ്രദീപൻ, 5. മഠത്തിൽ താഴെ കുന്നിയിൽ രാധാകൃഷ്ണൻ, 6. ഒതയോത്ത് സജിത്.

LIBRARY ARCHIVES Kerala Legislative Assembly